# സ്വഹീഹു ഇബ്നി ഖുസൈമ



**ഹി.** മൂന്നും നാലും നൂറ്റാണ്ടുകൾ ഇസ്‌ലാമിക ചരിത്രത്തിലെ സുവർണ കാലഘട്ടമായിരുന്നു. അക്കാലത്ത് ജീവിച്ച പണ്ഡിത ശ്രേഷ്ഠനാണ് ഇമാം ഇബ്നു ഖുസൈമ. അബൂബക്ർ മുഹമ്മദുബ്നു ഇസ്ഹാഖുബ്നു ഖുസൈമ എന്നാണ് പൂർണനാമം. ഹി. 223 സ്വഫറിൽ നൈസാബൂർ പട്ടണത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. വിവിധ വിഷയങ്ങളെക്കുറിച്ച 140-ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട് ഇബ്നു ഖുസൈമയെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇബ്നു ഖുസൈമയുടെ ഹദീസ് ഗ്രന്ഥമാണ് *സ്വഹീഹ് ഇബ്നു ഖുസൈമ*. കർമശാസ്ത്ര വിഷയക്രമത്തിലാണ് സ്വഹീഹിൽ ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ളത്. കിതാബുൽ വുദൂഓടെയാണ് ആരംഭം.

ഓരോ അധ്യായങ്ങൾക്കും പ്രത്യകം തലക്കെട്ടുകൾ നൽകിയിട്ടുണ്ട്. ഓരോ വിഷയത്തെക്കുറിച്ചും ഒന്നോരണ്ടോ ഹദീസുകളാണ് ഉദ്ധരിച്ചിട്ടുള്ളത്. ഒരു ഹദീസ് ഒരു വിഷയകമായി ഉദ്ധരിക്കുമ്പോൾ, അതേ ഹദീസ് മറ്റു വിഷയങ്ങളെ കുറിക്കാൻ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടെന്ന് അദ്ദേഹം തന്നെ വിശദീകരിച്ചിട്ടുണ്ട്. അപ്രകാരം, ശിഷ്യന്മാർക്ക് പറഞ്ഞുകൊടുത്ത് എഴുതിക്കുന്ന (ഇംലാഅ്) രീതിയും അദ്ദേഹം സ്വീകരിച്ചിരുന്നതായി പണ്ഡിതന്മാർ സൂചിപ്പിക്കുന്നു. ഹദീസ് ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ സവിശേഷ സ്ഥാനമുള്ളതാണ് ഇബ്നു ഖുസൈമയുടെ സ്വഹീഹെന്ന് അഹ്മദ് ശാകിർ രേഖപ്പെടുത്തിയിട്ടുണ്ട്. ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾപോലെയല്ല ഇബ്നുഖുസൈമയുടെ സ്വഹീഹെന്നും അത് തിർമുദിയുടെയും ഹാകിമിന്റെ ഹദീസ് കൃതികളെപോലെയാണെന്നും സൈലഈ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ഇബ്നുഖുസൈമയുടെ സ്വഹീഹിലെ പലഹദീസുകളും സ്വഹീഹിന്റെ വിതാനത്തിലേക്കുകയരാത്ത ഹസന്റെ നിലവാരത്തിലുള്ളതാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചില ഹദീസുകൾ ദുർബലങ്ങളും ആണ്.

ഹദീസ് നിവേദകന്മാരെ സംബന്ധിച്ച് നല്ല അറിവുള്ള ആളായിരുന്നു ഇബ്നു ഖുസൈമ. തന്റെ നിവേദകന്മാരുടെ കര്യത്തിൽ നല്ല സൂക്ഷ്മത പുലർത്തിയിരുന്നുവെന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

സ്വഹീഹിന്റെ നാമകരണത്തെക്കുറിച്ച പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതകളുണ്ട്. അൽമുസ്നദുൽ കബീർ എന്ന പേരിൽ ബൃഹത്തായ ഒരു ഹദീസ് സമാഹാരം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നാണ് ചിലരുടെ വീക്ഷണം. കാരണം അദ്ദേഹം തന്നെ തന്റെ ഗ്രന്ഥത്തിൽ അതിനെ കുറിച്ച സൂചനകൾ നൽകിയിട്ടുണ്ട്. അൽമുസ്നദുൽ കബീറിന് പിന്നീടൊരു സംഗ്രഹം അദ്ദേഹം തയ്യാറാക്കി. അതിന്റെ പേര് മുഖ്തസ്വറുൽ മുസ്നദ് എന്നോ മുഖ്തസ്വറുൽ മുഖ്തസ്വർ എന്നോ ആയിരുന്നു. പിന്നീടത് സ്വഹീഹു ഇബ്നു ഖുസൈമ എന്ന് അറിയപ്പെടുകയാണുണ്ടായത്. ഇതിന്റെ ഒരു കൈയെഴുത്ത് പ്രതി ഇസ്തംബൂൾ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. നമ്പർ-348.

നിരവധി പഠനങ്ങൾ സ്വഹീഹു ഇബ്നു ഖുസൈമയെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ഡോ. മുഹമ്മദ് മുസ്ത്വഫാ അഅ്ളമി തയാറാക്കിയ വിശദീകരണ ഗ്രന്ഥം.